LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനും പദ്ധതികൾ

24 (1495) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനും ഗ്രാമ വികസന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികൾ പ്രകാരം റോഡുകൾ ഏറ്റെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത പദ്ധതികളിലുൾപ്പെടുത്തി വാമനപുരം നിയോജക മണ്ഡലത്തിലെ ഏതെല്ലാം റോഡുകൾ പുനരുദ്ധരിച്ചിട്ടുണ്ടെന്നും ഏതെല്ലാം റോഡുകൾ പുതിയതായി നിർമ്മിച്ചിട്ടുണ്ടെന്നും അവയ്ക്ക് എത്ര രൂപ ചെലവായിട്ടുണ്ടെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനും ഗ്രാമ വികസന വകുപ്പ് വഴി പി.എം.ജി.എസ്.വൈ., നബാർഡ്-ആർ.ഐ.ഡി.എഫ്. എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) നബാർഡ് പ്രവൃത്തികളുടെ ഏകോപനവും മേൽനോട്ടവും നടത്തുന്നത് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എസ്.എൽ.ഇ.സി. ആണ്. ധനകാര്യ വകുപ്പാണ് ഈ പദ്ധതിയുടെ നോഡൽ ഡിപ്പാർട്ടുമെന്റ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള നബാർഡ് വിഹിതം എസ്.എൽ.ഇ.സി. നിശ്ചയിച്ച് അറിയിക്കുന്ന മുറയ്ക്ക് പ്രോജക്ടുകളുടെ കരട് നിർദ്ദേശം ബന്ധപ്പെട്ട പഞ്ചായത്തിൽ നിന്നും ഗ്രാമവികസന കമ്മീഷണർ വാങ്ങി സർക്കാരിന്റെ അനുമതിയ്ക്ക് നൽകുകയാണ് ചെയ്യുന്നത്. അത്തരത്തിൽ അംഗീകാരം ലഭിക്കുന്ന പ്രവൃത്തികളുടെ ഡി.പി.ആർ. വാങ്ങി നബാർഡിന്റെ അനുമതിക്ക് അയയ്ക്കുകയും അനുമതി ലഭിക്കുന്ന പ്രവൃത്തികൾക്ക് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്യുന്നു. പി.എം.ജി.എസ്.വൈ.- I-ൽ നിർമ്മിച്ച റോഡുകൾ ഉൾപ്പെടെ നിലവിൽ പുനരുദ്ധാരണം ആവശ്യമുള്ള ഗ്രാമീണ റോഡുകളെ കണ്ടെത്തി അത്തരം റോഡുകൾക്ക് മുൻഗണന നൽകുകയെന്ന ലക്ഷ്യത്തോടെയാണ് പി.എം.ജി. എസ്.വൈ-II ആരംഭിച്ചിരിക്കുന്നത്. പി.എം.ജി.എസ്.വൈ. പദ്ധതിക്ക് റോഡുകൾ തിരഞ്ഞെടുക്കുന്ന അടിസ്ഥാന രേഖയായ ഡിസ്ട്രിക്ട് റൂറൽ റോഡ് പ്ലാൻ (DRRP)

LIBRARY ARCHIVES Kerala Legislative Assembly

നവീകരിക്കുന്നതിലേയ്ക്കുവേണ്ടി പി.എം.ജി.എസ്.വൈ, ആർ.ഐ.ഡി.എഫ്. എന്നിവയിൽ നിർമ്മിച്ച റോഡുകളും ഉൾപ്പെടുത്തി ജി.ഐ.എസ്. പ്ലാറ്റ് ഫോമിൽ ഡിസ്ട്രിക്ട് റൂറൽ റോഡ്സ് പ്ലാൻ (DRRP) തയ്യാറാക്കുന്നു. പ്രധാന ഗ്രാമീണ റോഡുകളും ലിങ്ക് റോഡുകളും ഉൾപ്പെടെ ഒരു ജില്ലയിലെ എല്ലാ റോഡു ശൃംഖലകളും ചേർന്നതാണ് DRRP. 2011-ലെ സെൻസസ് പ്രകാരമുള്ള ജനസംഖ്യയുടെയും ഗ്രാമീണ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങളായ വിദ്യാഭ്യാസം, ചികിത്സാ സൗകര്യങ്ങൾ, ഗതാഗത വാർത്താ വിനിമയ സൗകര്യങ്ങൾ, മാർക്കറ്റുകൾ എന്നിവയുടെ ലഭ്യതയും സർക്കാർ സേവനങ്ങളുടെ ലഭ്യതയും അടിസ്ഥാനമാക്കി റോഡുകളുടെ മുൻഗണന കണക്കാക്കുന്നു. ഇതിലേക്കായി എല്ലാ വർഷവും കേന്ദ്ര ഗ്രാമവികസന വകുപ്പിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് എല്ലാ ഗ്രാമീണ റോഡുകളുടെയും അവസ്ഥ (പി.സി.ഐ.) പരിശോധിച്ച് മുൻഗണനാ പട്ടിക തയ്യാറാക്കേണ്ടതുണ്ട്. ഇതിൽ നിന്നും ഫണ്ടിന്റെ ലഭ്യതയും എം.പി.-മാർ, എം.എൽ.എ.-മാർ എന്നിവരുടെ നിർദ്ദേശങ്ങളും പരിഗണിച്ച് ഓരോ വർഷവും ഏറ്റെടുക്കേണ്ട പ്രവൃത്തികൾ തിരഞ്ഞെടുക്കുന്നു. ടി പദ്ധതിയിൽ ജില്ലാതല ഗ്രാമീണ റോഡ് പ്ലാനിൽ നിന്നും 6 മീറ്ററിൽ കുറയാത്ത വീതിയുള്ള റോഡുകൾ ഏറ്റെടുക്കാവുന്നതാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതിയിലുൾപ്പെടുത്തി വാമനപുരം നിയോജക മണ്ഡലത്തിൽ റോഡ് പ്രവൃത്തികളൊന്നും ഏറ്റെടുത്തിട്ടില്ല. പി.എം.ജി.എസ്.വൈ. പദ്ധതി മുഖേന ഏറ്റെടുത്ത റോഡുകളുടെ വിശദാംശം അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

നെന്മാറ മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പദ്ധതികൾ

25 (1496) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറാ നിയോജക മണ്ഡലത്തിലെ ഏതൊക്കെ റോഡുകളെയാണ് പി.എം.ജി.എസ്.വൈ.-യിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ലിസ്റ്റിൽ ഉൽപ്പെടുത്തിയിട്ടുള്ള ഏതെല്ലാം റോഡുകളുടെ പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ;

(സി) പുതുതായി ഏതൊക്കെ റോഡുകൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത് എന്നും പ്രസ്തുത റോഡുകളുടെ പ്രവൃത്തികൾ എന്ന് തുടങ്ങാൻ കഴിയുമെന്നും വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.